• യാത്രാവിവരം/കാഴ്ചകൾ

# പോരാട്ടങ്ങളുടെ കാലം

## ചില ടാൻസാനിയൻ അനുഭവങ്ങൾ


അനിൽകുമാർ, ധന്യ

(കഴിഞ്ഞ ലക്കം തുടർച്ച)



1897-ൽ ജർമ്മനിക്കെതിരെ തെക്കുപടിഞ്ഞാറൻ ടാൻസാനിയൻ മേഖലയായ ഇറുംഗ (Irunga) എന്ന പ്രദേശത്തെ ഹിഹി (Hehi) എന്ന ഗോത്രവർഗ്ഗ ജനത നടത്തിയ ഐതിഹാസികമായ പോരാട്ടമാണ് ടാൻസാനിയയിലെ വൈദേശിക ഭരണത്തിനെതിരായ ചെറുത്തു നിൽപിന്റെ ഏറ്റവും തിളങ്ങുന്ന ഒരേട്. ഇറുംഗയിലെ രാജാവായിരുന്ന മക്വാവ (Mkwawa) യുടെ നേതൃത്വത്തിൽ അവിടുത്തെ ഗോത്രവർഗ്ഗഭടൻമാർ അസാധാരണമാം വിധമുള്ള സമരപാടവമാണ് കാഴ്ച വച്ചത്. നമ്മുടെ പഴശ്ശി രാജയെ അനുസ്മരിപ്പിക്കും വിധമുള്ള ആ ചെറുത്തു നിൽപിന്റെ അവസാനവും മക്വാവ നേരിട്ടത് പഴശ്ശിരാജയുടെ അനുഭവം തന്നെയാണ് എന്നുള്ളത് തികച്ചും യാദൃശ്ചികമാവാം. യുദ്ധത്തിൽ രണ്ടു പ്രാവശ്യം ഹിഹി ജനതയുടെ ധീരമായ ചെറുത്തുനിൽപ്പിനു മുമ്പിൽ ജർമ്മൻ സൈന്യം തോറേറാടുകയാണുണ്ടായത്. ജർമ്മൻകാരിൽ നിന്ന് പിടിച്ചെടുത്ത ആധുനിക ആയുധങ്ങൾ തന്നെ അവർക്കെതിരെ പ്രയോഗിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ യുദ്ധത്തിൽ മക്വാവ നേടിയ വിജയത്തിന്റെ പ്രധാന മഹത്വം. എന്നാൽ 1887-ൽ സർവ്വ സന്നാഹങ്ങളുമായി വന്ന ജർമ്മൻ പട്ടാളത്തിന്റെ മുമ്പിൽ മക്വാവ രാജാവിന് പിടിച്ചു നിൽക്കാനായില്ല എന്നത് സ്വാഭാവികം. കീഴടങ്ങേണ്ടി വരും എന്ന ഘട്ടം വന്നപ്പോൾ ആ രാജാവ് സ്വന്തം നെഞ്ചിലേക്ക് കുത്തിയിറക്കി മരണം വരിക്കുകയാണുണ്ടായത്. മക്വാവ രാജാവിനെ വധിക്കാൻ കഴിയാഞ്ഞതിനാൽ നിരാശരായ ജർമ്മൻ പട്ടാളക്കാർ അദ്ദേഹത്തിന്റെ ശിരസ്സ് വെട്ടിയെടുക്കുകയും തങ്ങൾക്കെതിരായി ആയുധമെടുത്താലുള്ള അനുഭവമിതായിരിക്കും എന്നു കാണിക്കുവാൻ വേണ്ടി ഇത് ടാൻസാനിയയുടെ പല ഭാഗങ്ങളിലും പ്രദർശിപ്പിച്ച ശേഷം ജർമ്മനിയിലേക്ക് കൊണ്ടു പോവുകയും ചെയ്തു. അവിടെ സ്ററഫ് ചെയ്തുസൂക്ഷിച്ച രാജാവിന്റെ ശിരസ്സ് 1990-ൽ ജർമ്മനിയുമായുണ്ടാക്കിയ ഉടമ്പടി പ്രകാരം ടാൻസാനിയയിലേക്ക് തിരിച്ചു കൊണ്ടു വരികയും ഇറുംഗയിലെ പുരാവസ്തു ഗവേഷണ കേന്ദ്രത്തിൽ സൂക്ഷിച്ച് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

1895 മുതൽ 1897 വരെ സൗത്ത് ആഫ്രിക്കയിലെ നമൂബിയ (Namubia) എന്ന സ്ഥലത്ത് ജർമ്മനിയുടെ ആധിപത്യത്തിനെതിരെ അവിടുത്തെ ഗോത്രജനത ഐതിഹാസികമായി പോരാട്ടം നടത്തുകയുണ്ടായി. കാപ്പി തീരെ പ്രചാരത്തിലില്ലാതിരുന്ന ആഫ്രിക്കയിൽ, ജനങ്ങളെ കാപ്പി ഉപയോഗിപ്പിക്കുവാൻ ശ്രമിച്ചതിന്റെ ഭാഗമായി 1905 മുതൽ 1907 വരെ ജർമ്മനിക്കെതിരെ ടംഗാനിക്കയിൽ സായുധകലാപം തന്നെ നടത്തി. ആ കലാപത്തിൽ നിരവധി പേർ മരണമടയുകയും ചെയ്തു. അങ്ങനെ കിഴക്കൻ ആഫ്രിക്കയിലെ ജർമ്മൻ കാലഘട്ടം രക്തരൂക്ഷിതമായ കലാപങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് 1919 വരെ തുടർന്നു. ഒന്നാം ലോകമഹായുദ്ധത്തിന് പ്രധാന കാരണക്കാരായ ജർമ്മനി, ആ യുദ്ധത്തിൽ ജയിച്ച രാജ്യങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടി വന്നു. 1919-ലെ ഫ്രാൻസിൽ വച്ചു നടന്ന വേഴ്സായ്ലസ് (Versalles) ഉടമ്പടി പ്രകാരം , 1919 - ൽ ജർമ്മനി അവരുടെ അധീനത്തിലുണ്ടായ ആഫ്രിക്കൻ രാജ്യങ്ങൾ ബ്രിട്ടീഷ്, സ്പെയിൻ, ഫ്രാൻസ്, പോർച്ചുഗീസ്, പോളണ്ട്, ബെൽജിയം തുടങ്ങിയ രാജ്യങ്ങൾക്ക് കൈമാറുകയുണ്ടാ



യി. വെഴ്സാലസ് ഉടമ്പടിപ്രകാരം മൂന്നുതരത്തിലുള്ള ശിക്ഷാരീതികൾക്കാണ് ജർമ്മനി വിധേയമാക്കേണ്ടിയിരുന്നത്. ലീഗ് ഓഫ് നേഷൻസ് (ഐക്യരാഷ്ട്രസഭയ്ക്കു മുമ്പുണ്ടായിരുന്ന സംഘടനാ സംവിധാനം) എന്നറിയപ്പെട്ടിരുന്ന സംഘടനയായിരുന്നു ഇതിനു മേൽനോട്ടം വഹിച്ചിരുന്നത്.

1. 65 ബില്ല്യൺ ഡോളർ നഷ്ടപരിഹാരമായി യുദ്ധത്തിൽ ജയിച്ച രാജ്യങ്ങൾക്ക് നൽകുക.

2. ജർമ്മനിയുടെ എല്ലാ ആയുധങ്ങളും തിരിച്ചെടുക്കുക.

3. ജർമ്മനിയുടെ കൈവശമുള്ള എല്ലാ കോളനികളും യുദ്ധത്തിൽ ജയിച്ച രാജ്യങ്ങൾക്ക് കൈമാറുക.

അങ്ങനെ കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളായ കെനിയ, ഉഗാണ്ട, ടംഗാനിക്ക (ഇന്നത്തെ ടാൻസാനിയ), ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങൾ ബെൽജിയത്തിന്റെ അധീനത്തിലും റുവാണ്ട, ബിറുണ്ടി തുടങ്ങിയ രാജ്യങ്ങൾ ബെൽജിയത്തിന്റെ അധീനത്തിലും തോഗോ (Togo), ഹാന (Hana), മൊസാംബിക് തുടങ്ങിയ രാജ്യങ്ങൾ പോർച്ചുഗീസ് അധീനത്തിലും ബാക്കി രാജ്യങ്ങളെ സ്പെയിനും ഹോളണ്ടും വീതിച്ചെടുക്കുകയാണുണ്ടായത്. അങ്ങനെ ടാൻസാനിയ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കാൽച്ചുവട്ടിലായി. തുടർന്ന് 1961 വരെ അവിടുത്തെ വനവിഭവങ്ങളും ധാതുസമ്പത്തും ജനതയുടെ കായികശേഷിയും പരമാവധി ചൂഷണം ചെയ്ത് ബ്രിട്ടീഷ് ഭരണം നിലനിന്നു പോന്നു. 1960-ാടുകൂടിത്തന്നെ കോളനികൾ തുടർന്ന് നിലനിർത്താൻ കഴിയാത്ത രാഷ്ട്രീയ സാഹചര്യങ്ങൾ ഉടലെടുത്തതിന്റെ ഫലമായി, 1961-ൽ ടാൻസാനിയ അടക്കമുള്ള കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ബ്രിട്ടൺ ഒഴിഞ്ഞു പോവുകയാണുണ്ടായത്. 1961-ൽ സ്വതന്ത്രമായ ടംഗാനിക്ക 1965-ൽ സാൻസിബാർ ദ്വീപുകൾ കൂടി ഉൾപ്പെടുത്തി ടാൻസാനിയ എന്ന പേരിൽ സ്വതന്ത്ര റിപ്പബ്ളിക്കായി നിലവിൽ വരികയും ചെയ്തു.

## സിഫൽ

ഇത് സിഫൽ. ഉദ്ദേശം 12 വയസ്സ് പ്രായം. 6-ാം ക്ലാസിൽ പഠിക്കുന്നു. അമ്മയും അനുജത്തിയുമുള്ള ഒരു കുടുംബത്തിന്റെ നാഥ. തൊഴിൽ - ചന്തയിൽ കാട്ടുപഴങ്ങൾ വിൽപ്പന.

ഞാൻ സിഫലിനെ പരിചയപ്പെടുന്നത്, ഞങ്ങളുടെ വർക്ക് സൈററിൽ വച്ചാണ്. ഞാൻ സിഫലിനെ ശ്രദ്ധിക്കാനുള്ള കാരണം, ഞാൻ കാണുമ്പോൾ അവൾ തന്നെ കളിയാക്കിയ അവളേക്കാളും പ്രായമുള്ള രണ്ടു മൂന്ന് ആൺകുട്ടികളെ ഓടിച്ചിട്ടിടിക്കുകയായിരുന്നു എന്നതാണ് . ഞാനാദ്യം വിചാരിച്ചത് കുട്ടികളുടെ കളികളായിരിക്കും ഇത് എന്നാണ്. പക്ഷെ സിഫൽ അങ്ങനെയാണ്. എന്തിനോടും വളരെ പരുഷമായി പ്രതികരിക്കും. കാരണം അച്ഛനില്ലാത്ത ആ കുടുംബത്തിന്റെ നാഥയായ അവൾക്ക് അങ്ങനെയായേ പററൂ. പിന്നെ ഞാൻ സിഫലിനെ കാണുന്നത് ഒരാഴ്ചയ്ക്കുശേഷം പൊരിവെയിലിൽ തലയിൽ ഭാരിച്ചൊരു ചുമടും കൈയിൽ ഒരു ബക്കററിൽ വെള്ളവുമായി എങ്ങോട്ടോ നടന്നു പോകുന്നതാണ്. എന്നെ കണ്ടയുടനെ വെള്ളം താഴെ വച്ച് ചുമടിറക്കി വയ്ക്കാൻ സഹായിക്കാൻ പറഞ്ഞു. ഒരു മരത്തണലിൽ ചുമടിറക്കി വച്ച് ആകാംക്ഷയോടെ ഞാൻ സിഫലിന്റെ കെട്ട് പരിശോധിച്ചു. ഒരു വലിയ ബക്കററ് നിറയെ വിവിധതരം കാട്ടുപഴങ്ങൾ! അതിൽ ചിലത് എനിക്കു നേരെ നീട്ടിക്കൊണ്ടവൾ താൽപര്യപൂർവ്വം കഴിച്ചു നോക്കാൻ ആംഗ്യം കാണിച്ചു. ഇതെവിടേക്കാണെന്നന്വേഷിച്ചപ്പോൾ ലുക്കോസി (Lukozi) ചന്തയിലേക്കാണെന്ന് പറഞ്ഞു (ലുക്കോസി ചന്ത, ലുഷാട്ടോയിൽ നിന്നും മിലാലോയിലേക്കുള്ള വഴിയിൽ സ്ഥിതി ചെയ്യുന്ന വളരെ പ്രസിദ്ധമായ ഒരു ചരക്കു വിനിമയ കേന്ദ്രമാണ്. എല്ലാ ദിവസവും പ്രവർത്തിക്കുന്ന ഈ ചന്ത തിങ്കളാഴ്ച ദിവസമാണ് ഏററവും കൂടുതൽ സജീവമാകുന്നത്. വളരെ വിദൂരമായ സ്ഥലങ്ങളിൽ നിന്നു പോലും തിങ്കളാഴ്ച ദിവസം ആളുകൾ ചന്തയിലെത്താറുണ്ട്). ഞാൻ സിഫലിന് 50 ഷില്ലിംഗ് എടുത്തു കൊടുത്തു. അവളുടെ കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു. ബക്കറ്റിൽ നിന്ന് പഴങ്ങൾ എണ്ണിയെടുത്ത് എനിക്കു തരാൻ തുടങ്ങി. ഞാൻ അത്ഭുതപ്പെട്ടു പോയി, കാരണം എന്റെ ഹാൻഡ്ബാഗ് പകുതി നിറഞ്ഞിട്ടും സിഫൽ എണ്ണം നിർത്തുന്നില്ല. ഞാൻ ചോദിച്ചു 50, ഷില്ലിംഗിന് ഇത്രമാത്രം കൊടുത്താൽ നിനക്കിതെങ്ങനെ മുതലാകുമെന്ന്. ചന്തയിലിതിന് ഇത്ര പോലും വിലകിട്ടില്ലെന്ന് ആയിരുന്നു അവളുടെ ഉത്തരം.

*(തുടരും)*

സിഗ്മ ഇലക്ട്രോണിക്സ്, ആലക്കോട്, കണ്ണൂർ